പതിമൂന്നാം കേരള നിയമസഭ

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി
# (2014-2016)

## ഒൻപതാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2014-2016)

## ഒൻപതാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2011-2014)-യുടെ വിദ്യാഭ്യാസ വായ്പ സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

360/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം I : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |
| അദ്ധ്യായം II : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തര നടപടികൾ ആവശ്യമുള്ളവയും | .. | 14 |
| അനുബന്ധം I | .. | 21 |
| അനുബന്ധം II | .. | 25 |
| അനുബന്ധം III | .. | 28 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ജോസഫ് വാഴയ്ക്കൻ

<u>അംഗങ്ങൾ</u> :

ശ്രീ. അൻവർ സാദത്ത്

ശ്രീ. വി. റ്റി. ബൽറാം

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. ആർ. രാജേഷ്

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ബി. സത്യൻ

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. കെ. എം. ഷാജി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ഷാഹിന, എസ്., ജോയിന്റ് സെക്രട്ടറി

ശ്രീമതി മഞ്ജു വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രമാദേവി അമ്മ, എസ്., അണ്ടർ സെക്രട്ടറി.

# ആമുഖം

യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2016 ഫെബ്രുവരി മാസം 16-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

ജോസഫ് വാഴയ്ക്കൻ,
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 17.

# റിപ്പോർട്ട്

വിദ്യാഭ്യാസത്തിനുള്ള ചെലവ് വളരെയധികം വർദ്ധിച്ച സാഹചര്യത്തിൽ സാമ്പത്തിക പരാധീനതകൾ പഠനത്തിന് തടസ്സമാകരുതെന്ന ലക്ഷ്യത്തോടെയാണ് കേന്ദ്ര സർക്കാർ ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പാ പദ്ധതി ആരംഭിച്ചത്. വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതുമായും തിരിച്ചടവുമായും ബന്ധപ്പെട്ട് യുവജനങ്ങൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നതായി മനസ്സിലാക്കിയ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2011-2014), പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ പഠനം നടത്തുകയും വിദ്യാഭ്യാസ വായ്പാ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനായി 26 ശിപാർശകൾ ഉൾക്കൊള്ളിച്ചു കൊണ്ട് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് 19-3-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പകർപ്പുകൾ ആസൂത്രണ സാമ്പത്തികകാര്യം, സഹകരണം, ധനകാര്യം, നികുതി, ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകൾക്ക് 18-6-2013-ൽ അയച്ചുകൊടുക്കുകയും നടപടി സ്റ്റേറ്റ്മെന്റുകൾ ആവശ്യപ്പെടുകയുമുണ്ടായി. അതിൻ പ്രകാരം സർക്കാർ ലഭ്യമാക്കിയ മറുപടി 3-2-2014, 14-5-2014, 15-10-2014, 18-2-2015, 8-4-2015, 6-1-2016 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയുണ്ടായി.

3. സമിതി (2011-2014)-യുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ, അവയ്ക്ക് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ അദ്ധ്യായം I-ൽ ചേർത്തിരിക്കുന്നു.

4. സമിതിയുടെ ശിപാർശയിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം, ആയതിന്മേലുള്ള സമിതിയുടെ തുടർശിപാർശ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## അദ്ധ്യായം I

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളെ സൂചിപ്പിക്കുന്നു)

### ശിപാർശ നമ്പർ 2 (ഖണ്ഡിക നമ്പർ 4)

വിദ്യാഭ്യാസ വായ്പയ്ക്കുള്ള അപേക്ഷ ലഭിക്കുമ്പോൾ ബാങ്കുകൾ, അപേക്ഷ കൈപ്പറ്റിയത് സംബന്ധിച്ച രസീതും വായ്പ സംബന്ധിച്ച ബാങ്കിന്റെ തീരുമാനവും

അപേക്ഷകനെ അറിയിക്കുന്ന തീയതിയും വ്യക്തമായി രേഖപ്പെടുത്തി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. മതിയായ കാരണമില്ലാതെ വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന ബാങ്ക് ഉദ്യോഗസ്ഥനെതിരെ നിയമനടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

ബാങ്കുകളിൽ വായ്പാ അപേക്ഷ ലഭിക്കുമ്പോൾ തന്നെ കൈപ്പറ്റ് രസീത് നൽകുന്നുണ്ട്. എത്ര ദിവസത്തിനകം വായ്പ ലഭ്യമാക്കുമെന്ന് പ്രസ്തുത രസീതിൽ രേഖപ്പെടുത്തിയിരിക്കും. കൈപ്പറ്റ് രസീതിൽ പറഞ്ഞ തീയതിക്കുള്ളിൽ ലോൺ ലഭിക്കുന്നില്ലെങ്കിൽ അപേക്ഷകന് ബാങ്കിന്റെ മേലധികാരികളെ സമീപിക്കാവുന്നതാണ്. അവിടെയും തീരുമാനം ഉണ്ടായില്ലെങ്കിൽ ബാങ്കിംഗ് ഓംബുഡ്സ്മാന് പരാതി നൽകാവുന്നതുമാണ്. മതിയായ കാരണമില്ലാതെ വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന ബാങ്ക് ഉദ്യോഗസ്ഥനെതിരെ, ബാങ്കുകൾ കർശനമായ വകുപ്പുതല നടപടികൾ, അന്വേഷണത്തിനുശേഷം സ്വീകരിക്കുന്നതാണ്.

<u>ശിപാർശ നമ്പർ 3 (ഖണ്ഡിക നമ്പർ 5)</u>

വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവഗണിച്ചാൽ ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും വിദ്യാഭ്യാസ വായ്പയെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾക്ക് മുന്നിൽ എഴുതി പ്രദർശിപ്പിക്കണമെന്നും വായ്പയ്ക്ക് വരുന്നവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ ലഘുലേഖയായി അച്ചടിച്ച് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

വിദ്യാഭ്യാസ വായ്പയെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനതല ബാങ്കിംഗ് സമിതി തന്നെ അച്ചടിച്ച് എല്ലാ ബാങ്കുകൾക്കും വിതരണം ചെയ്തിട്ടുള്ളതാണ്. എല്ലാ ബാങ്കുകളും അവരുടെ ശാഖകളിൽ വിദ്യാഭ്യാസ വായ്പയെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വായ്പയ്ക്ക് വരുന്നവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ ലഘുലേഖയായി അച്ചടിച്ച് നൽകണമെന്ന് എല്ലാ ബാങ്കുകൾക്കും സംസ്ഥാനതല ബാങ്കിംഗ് സമിതി നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ നമ്പർ 4 (ഖണ്ഡിക നമ്പർ 6)</u>

ഏകജാലക സംവിധാനംവഴി അഡ്മിഷന് അപേക്ഷിക്കുന്നതുപോലെ വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനും ഏകജാലക സംവിധാനം രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

വിദ്യാഭ്യാസ വായ്പ നൽകുന്നതിന് ഏകജാലക സംവിധാനം നടപ്പിലാക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന ബാങ്കേഴ്സ് സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

<u>ശിപാർശ നമ്പർ 5 (ഖണ്ഡിക നമ്പർ 7)</u>

വായ്പ അനുവദിച്ച് കഴിഞ്ഞാൽ വായ്പയെ സംബന്ധിച്ച എല്ലാ വിശദാംശങ്ങളും അതായത്, വായ്പയുടെ സ്വഭാവം, പലിശ നിരക്ക്, തിരിച്ചടവിനെ സംബന്ധിച്ച വിശദവിവരങ്ങൾ, തിരിച്ചടവ് മുടക്കിയാൽ ബാങ്കുകൾ സ്വീകരിക്കുന്ന നടപടികൾ തുടങ്ങിയ വിവരങ്ങൾ വായ്പ അനുവദിക്കുന്നതോടൊപ്പം തന്നെ വായ്പയെടുത്ത ആളിനെ രേഖാമൂലം അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

വായ്പ അനുവദിച്ച് കഴിഞ്ഞാൽ ലോൺ എടുക്കുന്ന ആളിനെ വായ്പ അനുവാദപത്രം വായിച്ച് ബോദ്ധ്യപ്പെടുത്തി വായ്പ എടുക്കുന്ന ആളും ബാങ്ക് മാനേജരും പരസ്പരം ബോദ്ധ്യപ്പെടുത്തി ഒപ്പുവയ്ക്കുന്നതാണ്. വായ്പാ അനുവാദ പത്രത്തിൽ വായ്പയെ സംബന്ധിച്ച വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

<u>ശിപാർശ നമ്പർ 6 (ഖണ്ഡിക നമ്പർ 8)</u>

ഏത് ബാങ്കിൽ നിന്ന് ലോൺ എടുക്കണമെന്നത് തീരുമാനിക്കുവാനുള്ള സ്വാതന്ത്ര്യം വിദ്യാർത്ഥിക്കുണ്ടാകണമെന്നും അപേക്ഷകൻ താമസിക്കുന്നത് ബാങ്കിന്റെ സർവ്വീസ് ഏരിയയിലല്ല എന്ന കാരണത്താൽ വായ്പ നിഷേധിക്കുന്ന ബാങ്ക് അധികൃതർക്കെതിരെ കർശനമായ നിയമനടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

ഒരു ബാങ്കും നിലവിൽ സർവ്വീസ് ഏരിയ നിയമപ്രകാരം വിദ്യാഭ്യാസ വായ്പ വിതരണം ചെയ്യുന്നില്ല. അപേക്ഷകർക്ക് ഇഷ്ടമുള്ള ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉള്ളതാണ്. അപേക്ഷകന്റെ വീട് ബാങ്കിന്റെ സർവ്വീസ് ഏരിയയിൽ അല്ല എന്ന കാരണത്താൽ വിദ്യാഭ്യാസ വായ്പ നിഷേധിച്ചു എന്ന് പരാതി കിട്ടിയാൽ ബന്ധപ്പെട്ട ബാങ്കിന്റെ അധികാരികളെ ബന്ധപ്പെട്ട് വായ്പ അനുവദിക്കുവാൻ നടപടി സ്വീകരിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിക്കാനും ബാങ്കുകൾക്ക് സംസ്ഥാനതല ബാങ്കേഴ്സ് സമിതി നിർദ്ദേശം നൽകാറുണ്ട്.

ശിപാർശ നമ്പർ 9 (ഖണ്ഡിക നമ്പർ 11)

പ്രാഥമിക സഹകരണ ബാങ്കുകളുൾപ്പെടെയുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളിലും കെ.എസ്.എഫ്.ഇ.യിലും ബാങ്കുകളിലേതുപോലുള്ള വിദ്യാഭ്യാസ വായ്പാ പദ്ധതി ആരംഭിക്കാനുള്ള നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി

ചില പ്രാഥമിക സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ട്. എന്നിരിക്കിലും വിശദവിവരം സഹകരണ വകുപ്പിൽ നിന്നും ലഭ്യമാക്കി റിപ്പോർട്ട് നൽകുന്നതാണ്.

കെ.എസ്.എഫ്.ഇ. നടപ്പിലാക്കിവരുന്ന വിദ്യാഭ്യാസ വായ്പാ പദ്ധതിയായ "വിദ്യാധനം വായ്പാ പദ്ധതി" 2011 സെപ്റ്റംബർ മുതൽ നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഒരു ലക്ഷത്തിന് താഴെ വാർഷിക വരുമാനമുള്ളവരുടെ കുട്ടികൾക്ക് അംഗീകൃത പ്രൊഫഷണൽ കോഴ്സുകളിൽ ഉന്നത വിദ്യാഭ്യാസത്തിനായി 12% പലിശ നിരക്കിൽ വായ്പ ലഭിക്കും. ഇതിൽ 4% സർക്കാർ സബ്സിഡി നൽകും. 1 ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ള മറ്റുള്ള വിദ്യാർത്ഥികൾക്ക് 13.5% പലിശ നിരക്കിൽ വായ്പ അനുവദിക്കും. പരമാവധി വായ്പ 10 ലക്ഷം രൂപയാണ്. തിരിച്ചടവ്, കോഴ്സ് കാലാവധി തീർന്ന് ഒരു വർഷം കഴിഞ്ഞ് തുടങ്ങുന്നതും 5 വർഷത്തിനുള്ളിൽ തീർക്കേണ്ടതുമാണ്.

അധിക ശിപാർശ

ഖണ്ഡിക 11-ന്റെ മറുപടിയിൽ പ്രസ്താവിച്ചതനുസരിച്ച് സഹകരണ വകുപ്പിൽ നിന്നും അടിയന്തരമായി വിശദവിവരം ലഭ്യമാക്കണമെന്ന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിനോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

സഹകരണ (പിഎസ്.) വകുപ്പിൽ നിന്നും ലഭിച്ച മറുപടി

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ എന്നീ സ്ഥാപനങ്ങളുടെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വിദ്യാഭ്യാസ വായ്പ നൽകണമെന്ന് സഹകരണ സംഘം രജിസ്ട്രാർ 12-12-2006-ൽ 60/2006 നമ്പർ സർക്കുലറും 27-7-2010-ൽ 40/2010 നമ്പർ സർക്കുലറും (അനുബന്ധം I & II) പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ ബാങ്കുകളിൽ നിന്നും നിലവിൽ വിദ്യാഭ്യാസ വായ്പ നൽകി വരുന്നുണ്ട്.

ശിപാർശ നമ്പർ 10 [ഖണ്ഡിക നമ്പർ 12(i)]

വിദ്യാഭ്യാസ വായ്പയുടെ പലിശ നിരക്ക് അഞ്ച് ശതമാനത്തിൽ താഴെയായി നിജപ്പെടുത്തണമെന്നും എല്ലാ ബാങ്കുകളും ഈ നിരക്കിൽ പലിശ ഈടാക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും ഇത് സംബന്ധിച്ച് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശം പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി

5% പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പ നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശിപാർശ നമ്പർ 10 [ഖണ്ഡിക നമ്പർ 12(iii)]

എല്ലാ വിദ്യാഭ്യാസ വായ്പകൾക്കും തിരിച്ചടവിനുള്ള കാലാവധി 15 വർഷമായി നിജപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി

എല്ലാ വിദ്യാഭ്യാസ വായ്പകളുടെയും തിരിച്ചടവിനുള്ള കാലാവധി 15 വർഷമായി നിജപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശിപാർശ നമ്പർ 11 (ഖണ്ഡിക നമ്പർ 13)

നാലര ലക്ഷം രൂപയിൽ കുറഞ്ഞ വാർഷിക വരുമാനമുള്ളവരും 2009 ഏപ്രിൽ ഒന്നിനുശേഷം വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളവരുമായ വിദ്യാർത്ഥികളുടെ വായ്പയുടെ പലിശ വിദ്യാർത്ഥികളിൽ നിന്ന് ബാങ്കുകൾ ഈടാക്കുന്നില്ലെന്ന് ഉറപ്പുവരുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി

2009 ഏപ്രിൽ ഒന്നിനുശേഷം വിദ്യാഭ്യാസ വായ്പയെടുത്ത നാലര ലക്ഷം രൂപയിൽ കുറഞ്ഞ വരുമാനമുള്ളവർക്ക് കേന്ദ്ര സർക്കാർ ഒരു പലിശ സബ്സിഡി സ്കീം ആവിഷ്കരിച്ച് നടപ്പിൽ വരുത്തുന്നുണ്ട്. ഈ പദ്ധതി പ്രകാരം പലിശ സബ്സിഡിക്ക് യോഗ്യതയുള്ളവരിൽ നിന്നും ബാങ്കുകൾ പലിശ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശിപാർശ നമ്പർ 12 (ഖണ്ഡിക നമ്പർ 14)

ഉദാരമായ വ്യവസ്ഥകളോടെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് വിദ്യാഭ്യാസ ആവശ്യത്തിനുള്ള വായ്പ ലഭ്യമാക്കുന്നതിന് ഒരു ഫണ്ട്

രൂപീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി നിർദ്ദേശിക്കുന്നു. പൊതുമേഖലാ, സ്വകാര്യമേഖല സ്ഥാപനങ്ങളിൽ നിന്നുള്ള നിക്ഷേപം, സന്നദ്ധസംഘടനകളുടെയും വ്യക്തികളുടെയും സംഭാവന, വിദ്യാഭ്യാസ സെസ്സിന്റെ ഒരു ഭാഗം എന്നിവ പ്രസ്തുത ഫണ്ടിൽ നിക്ഷേപിക്കുക, പ്രസ്തുത ഫണ്ടിലുള്ള നിക്ഷേപങ്ങൾക്ക് ആദായ നികുതി ഒഴിവാക്കുക തുടങ്ങിയ മാർഗ്ഗങ്ങൾ ഇതിനായി സ്വീകരിക്കാവുന്നതാണ്. പ്രസ്തുത ഫണ്ട് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

ഇത്തരത്തിൽ ഒരു ഫണ്ട് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

<u>ശിപാർശ നമ്പർ 13 (ഖണ്ഡിക നമ്പർ 15)</u>

വിദ്യാഭ്യാസ വായ്പയിൻമേൽ പലിശ ഇളവോ സബ്സിഡിയോ നൽകുന്നതിനാവശ്യമായ തുക സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ വകകൊള്ളിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

1-4-2004 മുതൽ 31-3-2009 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ വായ്പയെടുത്ത ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് വിദ്യാഭ്യാസ കാലയളവിൽ പലിശ സബ്സിഡി നൽകുന്ന സ്കീമാണ് ഇപ്പോൾ നിലവിലുള്ളത്. ഈ സ്കീമിന് ആവശ്യമായ തുക 2013-14 സാമ്പത്തിക വർഷത്തിൽ അഡീഷണൽ ഓതറൈസേഷനായി അനുവദിച്ചിട്ടുണ്ട്. തുടർന്നും ആവശ്യാനുസരണം ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് സബ്സിഡി തുക അനുവദിക്കുന്നതാണ്.

<u>ധനകാര്യ (പ്ലാനിംഗ് എ) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

2004 മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് വായ്പയെടുത്തിട്ടുള്ള തൊഴിൽരഹിതരായ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് പലിശ സബ്സിഡി നൽകുന്നതിനായി 2012-13 സാമ്പത്തിക വർഷം 2202-03-800-47 (പ്ലാൻ) എന്ന ശീർഷകത്തിനുകീഴിൽ 5 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ചിട്ടുണ്ട്. 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ ഈ ആനുകൂല്യം വാർഷിക വരുമാനം 3 ലക്ഷം രൂപ വരെയുള്ള എ.പി.എൽ. കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കൂടി ബാധകമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് രണ്ട് വിഭാഗങ്ങളിലെയും വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് എടുത്ത വായ്പയ്ക്ക് പലിശ സബ്സിഡി നൽകുന്നതിന് 2202-03-800-47 (പ്ലാൻ) എന്ന ശീർഷകത്തിനുകീഴിൽ ജൂലൈയിലെ

ഉപധനാഭ്യർത്ഥനയിൽ ടോക്കൺ വിഹിതം വകയിരുത്തുകയും തുടർന്ന് വിവിധ ജില്ലാ കളക്ടർമാരുടെ അഭ്യർത്ഥന പ്രകാരം 16.46 കോടി രൂപ അധികമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക വിവിധ സർക്കാർ ഉത്തരവുകളിലൂടെ താഴെപ്പറയുന്ന ജില്ലാ കളക്ടർമാർക്ക് വിതരണം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം സമിതിയെ വിനയപൂർവ്വം ബോധിപ്പിക്കുന്നു:

| ക്രമ നമ്പർ | ജില്ല | അനുവദിച്ച തുക (രൂപയിൽ) | സർക്കാർ ഉത്തരവും തീയതിയും |
|---|---|---|---|
| 1 | പാലക്കാട് | 73,53,000 | ജി.ഒ. (ആർറ്റി.) നമ്പർ 7799/13/ധന. തീയതി 7-10-2013 |
| 2 | എറണാകുളം | 1,69,05,000 | ജി.ഒ. (ആർറ്റി.) നമ്പർ 8250/13/ധന. തീയതി 30-10-2013 (ഒന്നാം ഘട്ടം), ജി.ഒ. (ആർറ്റി.) നമ്പർ 8614/13/ധന. തീയതി 15-11-2013 (രണ്ടാം ഘട്ടം) |
| 3 | തൃശ്ശൂർ | 3,21,17,000 | ജി.ഒ. (ആർറ്റി.) നമ്പർ 8614/13/ധന. തീയതി 15-11-2013 |
| 4 | കോട്ടയം | 10,61,05,000 | ജി.ഒ. (ആർറ്റി.) നമ്പർ 8614/13/ധന. തീയതി 15-11-2013 |
| 5 | കാസർഗോഡ് | 21,22,000 | ജി.ഒ. (ആർറ്റി.) നമ്പർ 8698/13/ധന. തീയതി 19-11-2013 |
| ആകെ | | 16,46,02,000 | |

ധനകാര്യ വകുപ്പ് നൽകിയ മറുപടി പരിശോധിച്ച സമിതി, മറുപടിയിൽ പരാമർശിച്ചിരിക്കുന്ന 5 ജില്ലകളൊഴികെ മറ്റു ജില്ലകളുടെ സ്ഥിതിവിവരം ആരായുവാനും അർഹതപ്പെട്ട എല്ലാ ആളുകൾക്കും പലിശ സബ്സിഡി ലഭിച്ചിട്ടുണ്ടോയെന്നും അനുവദിച്ച തുകയ്ക്കുപുറമേ കൂടുതൽ തുക അനുവദിക്കണമെന്ന് ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും ആരായുവാനും പലിശ സബ്സിഡി നൽകുവാനായി കൂടുതൽ തുക അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുവാനും തീരുമാനിച്ചു.

<u>ധനകാര്യ (പ്ലാനിംഗ് എ) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

18-10-2012 ലെ ജി.ഒ. (എംഎസ്.) നമ്പർ 36/12/പ്ലാനിംഗ്, 15-12-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 42/12/പ്ലാനിംഗ് എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 2004 മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പയെടുത്തിട്ടുള്ള തൊഴിൽരഹിതരായ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പലിശ സബ്സിഡി നൽകുന്ന

തിനായി ഒരു സ്കീം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത സ്കീം പ്രകാരം നാളിതുവരെ 14 ജില്ലകളിലെ 10119-ൽപ്പരം വിദ്യാർത്ഥികൾക്ക് 57.27 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിവിധ ജില്ലാ കളക്ടർമാർ അധിക തുക ആവശ്യപ്പെട്ടത് പരിഗണിച്ച് ആവശ്യപ്പെട്ട തുക അനുവദിച്ചിരുന്നുവെന്നുള്ള വിവരം സമിതിയെ വിനയപൂർവ്വം ബോധിപ്പിക്കുന്നു. ഇതുവരെ ഈയിനത്തിൽ വിവിധ ജില്ലാ കളക്ടർമാർക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | അനുവദിച്ച തുക (രൂപയിൽ) | സർക്കാർ ഉത്തരവും തീയതിയും |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | തിരുവനന്തപുരം | 1,37,08,000 | G.O. (Rt.) No. 8995/15/Fin. dated 13-10-2015 |
| 2 | കൊല്ലം | 5,90,54,000 | G.O. (Rt.) No. 8995/15/Fin. dated 13-10-2015 |
| 3 | ആലപ്പുഴ | 12,25,94,000 | G.O. (Rt.) No.2801/14/Fin. dated 29-3-2014<br>G.O. (Rt.) No. 8995/15/Fin. dated 13-10-2015 |
| 4 | പത്തനംതിട്ട | 3,24,12,000 | G.O. (Rt.) No. 174/14/Fin. dated 8-1-2014<br>G.O. (Rt.) No. 2801/14/Fin. dated 29-3-2014<br>G.O. (Rt.) No. 8995/15/Fin. dated 13-10-2015 |
| 5 | കോട്ടയം | 12,08,37,000 | G.O. (Rt.) No. 8614/13/Fin. dated 15-11-2013<br>G.O. (Rt.) No. 9759/13/Fin. dated 28-12-2013<br>G.O. (Rt.) No. 8995/15/Fin. dated 13-10-2015 |
| 6 | ഇടുക്കി | 6,27,60,000 | G.O. (Rt.) No. 174/14/Fin. dated 8-1-2014 |
| 7 | തൃശ്ശൂർ | 3,21,17,000 | G.O. (Rt.) No. 8614/13/Fin. dated 15-11-2013 |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | എറണാകുളം | 4,95,84,000 | G.O. (Rt.) No. 8250/13/Fin. dated 30-10-2013<br>G.O. (Rt.) No. 8614/13/Fin. dated 15-11-2013<br>G.O. (Rt.) No. 174/14/Fin. dated 8-1-2014<br>G.O. (Rt.) No. 2831/14/Fin. dated 31-3-2014<br>G.O. (Rt.) No. 2801/14/Fin. dated 29-3-2014<br>G.O. (Rt.) No. 8995/15/Fin. dated 13-10-2015 |
| 9 | പാലക്കാട് | 73,53,000 | G.O. (Rt.) No. 7799/13/Fin. dated 7-10-2013 |
| 10 | മലപ്പുറം | 1,07,22,000 | G.O. (Rt.) No. 8995/15/Fin. dated 13-10-2015 |
| 11 | കോഴിക്കോട് | 2,07,81,000 | G.O. (Rt.) No. 174/14/Fin. dated 8-1-2014<br>G.O. (Rt.) No. 8995/15/Fin. dated 13-10-2015 |
| 12 | കണ്ണൂർ | 1,83,03,000 | G.O. (Rt.) No. 8995/15/Fin. dated 13-10-2015 |
| 13 | വയനാട് | 1,61,22,000 | G.O. (Rt.) No. 2801/14/Fin. dated 29-3-2014<br>G.O. (Rt.) No. 8995/15/Fin. dated 13-10-2015 |
| 14 | കാസർഗോഡ് | 63,64,000 | G.O. (Rt.) No. 8698/13/Fin. dated 19-11-2013<br>G.O. (Rt.) No. 8995/15/Fin. dated 13-10-2015 |
| ആകെ | | 57,27,11,000 | |

360/2016.

<u>ശിപാർശ നമ്പർ 14 (ഖണ്ഡിക നമ്പർ 17)</u>

നിലവിലുള്ള ബി.പി.എൽ. ലിസ്റ്റിനെക്കുറിച്ച് പരാതികൾ നിലനിൽക്കുന്നതിനാൽ കേന്ദ്ര ഗവൺമെന്റിലേതുപോലെ സംസ്ഥാന ഗവൺമെന്റും നാലരലക്ഷം രൂപ വരുമാന പരിധി നിശ്ചയിച്ച് വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ സബ്സിഡി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. വിദേശ പഠനത്തിനായി വിദ്യാഭ്യാസ വായ്പ എടുത്തവർക്കും പലിശ സബ്സിഡി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

ഇത്തരത്തിലുള്ള നിർദ്ദേശമൊന്നും പരിഗണനയിലില്ല.

<u>ശിപാർശ നമ്പർ 15 (ഖണ്ഡിക നമ്പർ 18)</u>

അറിവില്ലായ്മമൂലം വിദ്യാഭ്യാസ ആവശ്യത്തിന് ബാങ്കുകളിൽ നിന്ന് മറ്റ് ലോണുകൾ എടുത്തിട്ടുള്ളവർക്കും സഹകരണ ബാങ്കുകളിൽ നിന്ന് വിദ്യാഭ്യാസ ആവശ്യത്തിനായി ലോൺ എടുത്തിട്ടുള്ളവർക്കും പലിശ സബ്സിഡി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

അറിവില്ലായ്മമൂലം വിദ്യാഭ്യാസ ആവശ്യത്തിന് ബാങ്കുകളിൽ നിന്ന് മറ്റ് ലോണുകൾ എടുത്തിട്ടുള്ളവർക്ക് പലിശ സബ്സിഡി നൽകണമെന്ന നിർദ്ദേശം പ്രായോഗികമല്ല.

സഹകരണ മേഖലയിൽ സംസ്ഥാന സഹകരണ ബാങ്ക് ഒഴികെയുള്ള മറ്റ് സഹകരണ സംഘങ്ങളിൽ നിന്നും ലോണെടുത്തവർക്ക് സംസ്ഥാന-കേന്ദ്ര സർക്കാരുകൾ ആവിഷ്കരിച്ചിട്ടുള്ള പലിശ സബ്സിഡിക്ക് അർഹതയില്ല. ആയതിനാൽ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, ജില്ലാ സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നുമെടുത്ത വിദ്യാഭ്യാസ വായ്പകൾക്ക് പലിശ സബ്സിഡി നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശിപാർശ നമ്പർ 16 (ഖണ്ഡിക നമ്പർ 19)</u>

വിദ്യാർത്ഥിയുടെ പഠന സമയത്തുള്ള പലിശ തിരിച്ചടവിൽ വീഴ്ച വന്നാൽ വ്യവസ്ഥ പ്രകാരം അനുവദിച്ചിട്ടുള്ള സമയത്തിനുശേഷം മാത്രമേ വായ്പ ഇനത്തിലുള്ള തുക ഈടാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുവാൻ പാടുള്ളൂ എന്ന് സമിതി നിർദ്ദേശിക്കുന്നു.

ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി

പഠന കാലയളവിൽത്തന്നെ പലിശ തിരിച്ചടയ്ക്കുകയോ അല്ലെങ്കിൽ മൊറട്ടോറിയം പീരിയഡിന് ശേഷം മാത്രം തിരിച്ചടവ് തുടങ്ങണോയെന്നുള്ളത് വായ്പ എടുക്കുന്നയാളിന് തീരുമാനിക്കാവുന്നതാണ്. വ്യവസ്ഥ പ്രകാരം അനുവദിച്ചിട്ടുള്ള സമയത്തിനുശേഷം മാത്രമേ വായ്പ ഇനത്തിലുള്ള തുക ഈടാക്കുന്നതിന് ബാങ്കുകൾ നടപടികൾ ആരംഭിക്കുകയുള്ളൂ. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്ക് ഏർപ്പെടുത്തിയിരുന്ന മൊറട്ടോറിയം 10-10-2015 മുതൽ വീണ്ടും 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് 12-1-2016-ലെ സർക്കാർ ഉത്തരവ് 2/16/പ്ലാനിംഗ് മുഖേന ഉത്തരവായിട്ടുണ്ട് (അനുബന്ധം III).

ശിപാർശ നമ്പർ 17 (ഖണ്ഡിക നമ്പർ 20)

ചെറിയ തുകയ്ക്കുള്ള ഗഡുക്കളായി അടച്ചുതീർക്കാനുള്ള സാഹചര്യം ഉണ്ടാക്കി വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് കാലയളവ് ദീർഘിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി

ജോലി കിട്ടി ആദ്യം ചെറിയ തുകയ്ക്കുള്ള തിരിച്ചടവും വരുമാനം ഉയരുന്നതിനനുസരിച്ച് ഉയർന്ന തുകയ്ക്കുള്ള തിരിച്ചടവും നൽകുന്ന രീതി ബാങ്കുകൾ അനുവർത്തിച്ചുവരുന്നുണ്ട്.

ശിപാർശ നമ്പർ 18 (ഖണ്ഡിക നമ്പർ 21)

പഠന കാലയളവിൽ കൃത്യമായി പലിശ അടച്ചിട്ടുണ്ടെങ്കിൽ ഒരു ശതമാനം വരെ പലിശയിൽ ഇളവ് അനുവദിക്കണമെന്ന ഐ.ബി.എ.യുടെ നിർദ്ദേശം എല്ലാ ബാങ്കുകളും കൃത്യമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കാലാവധി തീരുന്നതിനുമുമ്പ് വായ്പ മുഴുവൻ അടച്ചുതീർക്കുന്നവരിൽനിന്ന് യാതൊരുവിധ പ്രീപേയ്മെന്റ് ചാർജ്ജും ഈടാക്കരുതെന്നും സമിതി ശിപാർശ ചെയ്യുന്നു.

ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി

പഠന കാലയളവിൽ കൃത്യമായി പലിശ അടച്ചിട്ടുണ്ടെങ്കിൽ ഒരു ശതമാനം പലിശയിളവ് എല്ലാ ബാങ്കുകളും വിദ്യാർത്ഥികൾക്ക് നൽകിവരുന്നുണ്ട്. കാലാവധി തീരുന്നതിനുമുൻപ് വായ്പ അടച്ചുതീർക്കുന്നവരിൽ നിന്നും യാതൊരു വിധത്തിലുള്ള പ്രീപേയ്മെന്റ് ചാർജ്ജുകളും വിദ്യാഭ്യാസ വായ്പയിൽ ബാങ്കുകൾ ഈടാക്കുന്നില്ല.

ശിപാർശ നമ്പർ 21 (ഖണ്ഡിക നമ്പർ 25)

വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന ബാങ്കുകൾക്കെതിരെ നിയമ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി

വ്യക്തമായ കാരണം കാണിക്കാതെ വിദ്യാഭ്യാസ വായ്പ ബാങ്കുകൾ നിഷേധിക്കാറില്ല. ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകുകയാണെങ്കിൽ വിദ്യാഭ്യാസ വായ്പകൾ സംബന്ധിച്ച പരാതികൾക്ക് തീർപ്പുകൽപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും കളക്ടർ ചെയർമാനായുള്ള സമിതി നിലവിലുണ്ട്. ലീഡ് ബാങ്ക് മാനേജർ ഇതിന്റെ കൺവീനറും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റേയും മുഖ്യ ബാങ്കുകളുടേയും പ്രതിനിധികൾ ഇതിലെ അംഗങ്ങളുമായിരിക്കും. ഈ സമിതി ആവശ്യമുള്ളപ്പോൾ യോഗം ചേരുകയും പരാതികൾക്ക് തീർപ്പുകൽപ്പിക്കുകയും ചെയ്യാറുണ്ട്.

ശിപാർശ നമ്പർ 23 (ഖണ്ഡിക നമ്പർ 28)

31-10-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 37/12/പ്ലാനിംഗ് ഉത്തരവ് പ്രകാരമുള്ള കമ്മിറ്റി വിളിച്ചുചേർക്കുന്നതിനുള്ള ചുമതല സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനർക്കാണ്. കമ്മിറ്റി വിളിച്ചുചേർക്കുന്നതിനുള്ള ചുമതല സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനർക്ക് നൽകിയത് സമിതി ഫലപ്രദമായി പ്രവർത്തിക്കുന്നതിന് സഹായകരമാണോ എന്ന് പരിശോധിക്കണമെന്നും സമിതി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്നും സംസ്ഥാനത്തിന് പുറത്ത് നഴ്സിംഗ് കോഴ്സിന് അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ ലഭ്യമാക്കുന്നതോടൊപ്പം മറ്റ് കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നവരുടെ കാര്യംകൂടി ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി

സംസ്ഥാനതല ബാങ്കിംഗ് സമിതിക്ക് കൺവീനർ സ്ഥാനം നൽകിയത് സംബന്ധിച്ച് പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

സംസ്ഥാനത്തിന് പുറത്ത് നഴ്സിംഗിന് പുറമെ മറ്റ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചിട്ടുള്ളവർക്കും സെപ്റ്റംബർ 2012-ലെ ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷൻ ഗൈഡ്ലൈൻ പ്രകാരം വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ട്.

<u>ശിപാർശ നമ്പർ 24 (ഖണ്ഡിക നമ്പർ 29)</u>

വിദ്യാഭ്യാസ വായ്പയെ സംബന്ധിച്ച പരാതികൾ സ്വീകരിക്കുവാൻ ടോൾ-ഫ്രീ നമ്പർ ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

വിദ്യാഭ്യാസ വായ്പയെ സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനായി സംസ്ഥാനതല ബാങ്കിംഗ് സമിതി ഉടൻതന്നെ ഒരു ടോൾ-ഫ്രീ നമ്പർ ആരംഭിക്കുന്നതാണ്.

<u>ശിപാർശ നമ്പർ 25 (ഖണ്ഡിക നമ്പർ 30)</u>

ആർക്കും ദോഷം വരാത്തതരത്തിൽ വിദ്യാഭ്യാസ വായ്പാ പദ്ധതി മുന്നോട്ടുകൊണ്ടു പോകുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല വിദ്യാഭ്യാസ വായ്പാ കമ്മിറ്റികൾ കുറഞ്ഞത് രണ്ട് മാസത്തിലൊരിക്കലെങ്കിലും, സംസ്ഥാനതല സമിതി നാല് മാസത്തിലൊരിക്കലെങ്കിലും കൃത്യമായി യോഗം ചേരാൻ നിഷ്കർഷിക്കണമെന്ന് സമിതി സർക്കാരിനോട് ശിപാർശ ചെയ്യുന്നു.

<u>ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല വിദ്യാഭ്യാസ വായ്പാ കമ്മിറ്റികൾ പരാതികൾ ലഭിക്കുന്നതിനനുസരിച്ച് കമ്മിറ്റി വിളിച്ചുചേർത്ത് പരാതികൾക്ക് വേഗംതന്നെ പരിഹാരം കാണാറുണ്ട്.

<u>ശിപാർശ നമ്പർ 26 (ഖണ്ഡിക നമ്പർ 31)</u>

സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിശ്ചിത നിലവാരം പുലർത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

ഉന്നതവിദ്യാഭ്യാസ വകുപ്പിനോട് ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് സമിതിക്ക് നേരിട്ട് മറുപടി നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്.

<u>ഉന്നതവിദ്യാഭ്യാസ (ജെ) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ എ.ഐ.സി.റ്റി.ഇ. മാർഗ്ഗനിർദ്ദേശപ്രകാരമുള്ള അടിസ്ഥാന ഭൗതികസൗകര്യങ്ങളും പഠന നിലവാരവും യോഗ്യതയുള്ള അദ്ധ്യാപകരും ഉണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനായി

സർക്കാർ ഇൻസ്പെക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. പ്രസ്തുത ഇൻസ്പെക്ഷൻ കമ്മിറ്റികൾ സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ ഉൾപ്പെടെയുള്ള സ്വാശ്രയ കോളേജുകൾ സന്ദർശിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ടിൻ പ്രകാരം ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ട സ്ഥാപനങ്ങളുടെ മേധാവികളെ അഡീഷണൽ ചീഫ് സെക്രട്ടറി നേരിട്ട് വിളിച്ചുവരുത്തി ന്യൂനതകൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ഇതിന് പുറമേ സ്വാശ്രയ കോളേജുകളിലെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി ഒരു വിദഗ്ധ സമിതിക്ക് രൂപം നൽകി. പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം വിജയ ശതമാനത്തിലും പഠന നിലവാരത്തിലും നിശ്ചിത മാനദണ്ഡം പാലിക്കാത്ത കോളേജുകൾക്ക് ഭാവിയിൽ പുതിയ കോഴ്സുകൾ അനുവദിക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ട്. 2015-16 അക്കാദമിക് വർഷം മുതൽ 4, 6, 8 സെമസ്റ്ററുകളിൽ യഥാക്രമം 25%, 30%, 35% വിജയം ഉള്ള കോളേജുകൾക്ക് മാത്രമേ നിലവിലുള്ള കോഴ്സുകൾക്ക് തുടർ അംഗീകാരം നൽകേണ്ടതുള്ളൂ എന്നും തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ എം.ടെക്. യോഗ്യതയുള്ള അദ്ധ്യാപകരുടെ അഭാവമുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സർക്കാർ/എയ്ഡഡ്/സ്വാശ്രയ മേഖലകളിൽ കൂടുതൽ എം.ടെക്. കോഴ്സുകൾ തുടങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നുണ്ട്. കൂടാതെ സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി ഐ.എച്ച്.ആർ.ഡി.-യെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

## <u>അദ്ധ്യായം II</u>

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തരനടപടികൾ ആവശ്യമായവയും

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളെ സൂചിപ്പിക്കുന്നു)

### ശിപാർശ നമ്പർ 1 (ഖണ്ഡിക നമ്പർ 3)

മെറിറ്റ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുവാൻ അർഹതയുള്ള വിദ്യാർത്ഥി, മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടുകയാണെങ്കിൽ അത്തരത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ ബാങ്കുകൾക്ക് നൽകാവുന്നതാണെന്ന് ഐ.ബി.എ.-യുടെ പുതുക്കിയ മാർഗ്ഗരേഖയിൽ കുറിപ്പായി ചേർത്തിരിക്കുന്നു. ഇത് തികച്ചും വിവേചനപരവും സർക്കാരിന്റെ ഉദ്ദേശ്യത്തെതന്നെ തോൽപ്പിക്കുന്ന നടപടിയുമാണെന്ന് സമിതി കരുതുന്നു. വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട് ബാങ്കുകളുടെ ടി വ്യവസ്ഥ മാറ്റുന്നതിനാവശ്യമായ നടപടികൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സ്വീകരിക്കണമെന്നും

ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിലെ അംഗീകൃത കോഴ്സിനുള്ള അഡ്മിഷന് യോഗ്യത ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ആവശ്യമുള്ളപക്ഷം വിദ്യാഭ്യാസ വായ്പ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

മെറിറ്റ് ക്വാട്ടയിൽ പ്രവേശനം ലഭിക്കാൻ അർഹതയുള്ള വിദ്യാർത്ഥി മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടുകയാണെങ്കിൽപോലും അത്തരം വിദ്യാർത്ഥികളെ മെറിറ്റ് ക്വാട്ടയിൽ പ്രവേശനം ലഭിച്ചതായി കണക്കാക്കി വിദ്യാഭ്യാസ വായ്പ നൽകാവുന്നതാണ് എന്ന ഐ.ബി.എ.-യുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശപ്രകാരം ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ നൽകിവരുന്നുണ്ട്. [It would be in order for banks to consider a meritorious student (who qualifies for a seat under merit quota) eligible for loan under this scheme even if the student chooses to pursue a course under Management Quota].

<u>അധിക ശിപാർശ</u>

മെറിറ്റ് സ്റ്റാറ്റസ്, മെറിറ്റോറിയസ് സ്റ്റുഡന്റ് എന്നിവ സംബന്ധിച്ച വിശദീകരണം നല്കണമെന്നും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രവേശനത്തിന് അർഹതയുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസ വായ്പ ലഭ്യമാക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ നമ്പർ 7 (ഖണ്ഡിക നമ്പർ 9)</u>

വിദ്യാഭ്യാസ വായ്പയ്ക്കായി സമീപിക്കുന്നവരോട് സബ്സിഡിയില്ലാത്ത വായ്പ ലഭ്യമാണെന്നും ആയതിന് ഈട് ആവശ്യമാണെന്നും തെറ്റിദ്ധരിപ്പിച്ച് പല ബാങ്ക് മാനേജർമാരും വിദ്യാഭ്യാസ ആവശ്യത്തിനായി മറ്റ് വായ്പകൾ നൽകുന്നതായും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ഇത്തരത്തിൽ വായ്പ നൽകുമ്പോൾ വിദ്യാർത്ഥിക്ക് ലഭിക്കുന്ന വായ്പ വിദ്യാഭ്യാസ വായ്പയല്ലെന്ന് ധരിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. നാല് ലക്ഷം രൂപയിൽ താഴെ വിദ്യാഭ്യാസ വായ്പയ്ക്ക് അപേക്ഷിക്കുന്നവരിൽനിന്ന് ഈട് ആവശ്യപ്പെടുന്ന ബാങ്കുകൾക്കെതിരെ നിയമ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

നാല് ലക്ഷം രൂപയിൽ താഴെ വിദ്യാഭ്യാസ വായ്പയ്ക്ക് അപേക്ഷിക്കുന്നവരിൽ നിന്നും ഒരു ബാങ്കും ഈട് ആവശ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സബ്സിഡിയില്ലാത്ത വായ്പ ലഭ്യമാണ് എന്ന് തെറ്റിദ്ധരിപ്പിച്ച് ഈട് ആവശ്യപ്പെട്ട് വിദ്യാഭ്യാസ വായ്പയ്ക്കുപകരം മറ്റ് വായ്പകൾ വിദ്യാഭ്യാസ വായ്പയായി നൽകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

<u>അധിക ശിപാർശ</u>

വിദ്യാഭ്യാസ വായ്പയെന്ന് തെറ്റിദ്ധരിപ്പിച്ച് മറ്റ് വായ്പകൾ നൽകി ജനങ്ങളെ വഞ്ചിക്കാതിരിക്കുന്നതിനും വായ്പയുടെ മാനദണ്ഡങ്ങൾ ബാങ്കുകളിൽ പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ നമ്പർ 8 (ഖണ്ഡിക നമ്പർ 10)</u>

സ്വകാര്യ ബാങ്കുകളും പുത്തൻതലമുറ ബാങ്കുകളും സർക്കാരിന്റെ വിദ്യാഭ്യാസ ലോൺ അനുവദിക്കുന്ന പദ്ധതിയിൽ പങ്കുചേരുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

സംസ്ഥാനത്തെ ചുരുക്കം ചില പുത്തൻതലമുറ ബാങ്കുകൾ ഒഴികെ എല്ലാ സ്വകാര്യ ബാങ്കുകളും പുത്തൻതലമുറ ബാങ്കുകളും വിദ്യാഭ്യാസ വായ്പകൾ നൽകിവരുന്നുണ്ട്.

<u>അധിക ശിപാർശ</u>

ഖണ്ഡിക 10-ലെ ശിപാർശയുടെ മറുപടി പരിഗണിച്ച സമിതി, എല്ലാ ബാങ്കുകളും വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും ഇതിനായി വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് സമിതിയെ അറിയിക്കണമെന്നും ശിപാർശ ചെയ്യുന്നു.

<u>ശിപാർശ നമ്പർ 9 (ഖണ്ഡിക നമ്പർ 11)</u>

പ്രാഥമിക സഹകരണ ബാങ്കുകളുൾപ്പെടെയുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളിലും കെ.എസ്.എഫ്.ഇ.യിലും ബാങ്കുകളിലേതുപോലുള്ള വിദ്യാഭ്യാസ വായ്പാ പദ്ധതി ആരംഭിക്കാനുള്ള നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>നികുതി (എച്ച്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

കെ.എസ്.എഫ്.ഇ.-യിൽ 2011 മുതൽ "വിദ്യാധനം" വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസത്തിനുവേണ്ട സാമ്പത്തിക സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഉന്നതവിദ്യാഭ്യാസത്തിന്, പ്രത്യേകിച്ച് മെഡിസിൻ, എഞ്ചിനീയറിംഗ്, മാനേജ്മെന്റ് കോഴ്സുകൾ, പാരാമെഡിക്കൽ, വെറ്ററിനറി, അഗ്രികൾച്ചർ, ഡെന്റിസ്ട്രി എന്നിവയും സമാനമായ പ്രൊഫഷണൽ കോഴ്സുകൾക്കും പഠിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം ഈ പദ്ധതിയിലൂടെ നൽകുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (EWS) പലിശയിനത്തിൽ 4% സർക്കാർ സബ്സിഡി ലഭ്യമാണ്.

<u>അധിക ശിപാർശ</u>

കെ.എസ്.എഫ്.ഇ.-യിൽ നിന്നും എത്ര പേർക്ക് എത്ര രൂപ വീതം വിദ്യാഭ്യാസ വായ്പ അനുവദിച്ചിട്ടുണ്ടെന്നത് സംബന്ധിച്ച വിശദവിവരം സമിതിക്ക് ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>ശിപാർശ നമ്പർ 10 [ഖണ്ഡിക നമ്പർ 12(ii)]</u>

പലിശയ്ക്ക് പലിശ എന്ന സമ്പ്രദായം വിദ്യാഭ്യാസ വായ്പയുടെ കാര്യത്തിൽ പൂർണ്ണമായും ഒഴിവാക്കിക്കിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഈ ആനുകൂല്യം ഇതുവരെ വിദ്യാഭ്യാസ വായ്പയെടുത്തിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

വിദ്യാഭ്യാസ വായ്പയുടെ തിരച്ചടവ് ആരംഭിക്കുന്നത് വരെ (കോഴ്സ് കഴിഞ്ഞ് ഒരു വർഷം അല്ലെങ്കിൽ ജോലി കിട്ടി 6 മാസം വരെ ഇതിൽ ഏതാണോ ആദ്യം) സാധാരണ പലിശ നിരക്കുമാത്രമേ ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾക്ക് ഈടാക്കാറുള്ളൂ. തിരിച്ചടവ് ആരംഭിക്കുന്നതുവരെ പലിശയുടെമേലുള്ള പിഴപ്പലിശ ഒരു ബാങ്കും ഈടാക്കാറില്ല. പഠനശേഷം തിരിച്ചടവ് തുടങ്ങുമ്പോഴാണ് ബാങ്കുകൾ കൂട്ടുപലിശ ഈടാക്കുന്നത്. വായ്പാ തിരിച്ചടവ് മുടക്കം വരുന്നവർക്ക് മാത്രമേ തിരിച്ചടവ് മുടങ്ങിയ ദിവസം മുതൽ പലിശയ്ക്ക് പലിശ ബാങ്കുകൾ ഈടാക്കുകയുള്ളൂ.

വിദ്യാഭ്യാസ വായ്പയുടെ കാര്യത്തിൽ പീനൽ പലിശ സമ്പ്രദായം നിർത്തലാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

<u>അധിക ശിപാർശ</u>

വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവ് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ നമ്പർ 19 (ഖണ്ഡിക നമ്പർ 23)</u>

വിദ്യാഭ്യാസ വായ്പയ്ക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതുവരെ വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥി മരിച്ചാൽ എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുക എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി

വിദ്യാഭ്യാസ വായ്പയ്ക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തണമെന്ന സമിതി ശിപാർശയോട് സംസ്ഥാന സർക്കാർ പൂർണ്ണമായി യോജിക്കുന്നില്ല, എന്തെന്നാൽ അതിന്റെ പ്രീമിയം അപേക്ഷകർ അടയ്ക്കേണ്ടി വരുമെന്നതിനാൽ അവർക്ക് അധികഭാരം ഉണ്ടാകുന്നതാണ്. അതിനാൽ ഇൻഷ്വറൻസ് സമ്പ്രദായം നിർബന്ധിതമാക്കാതെ ആവശ്യമുള്ളവർക്ക് മാത്രം എടുത്താൽ മതിയെന്ന് നിഷ്കർഷിക്കുന്നതാണ് ഉത്തമം.

വായ്പയെടുത്ത വിദ്യാർത്ഥി/രക്ഷാകർത്താവ് മരിച്ചാൽ വായ്പ എഴുതിത്തള്ളാൻ നിലവിൽ പദ്ധതിയൊന്നും തന്നെയില്ല.

## അധിക ശിപാർശ

വിദ്യാഭ്യാസ വായ്പയ്ക്ക് ഇൻഷ്വറൻസ് നിർബന്ധമാക്കാതിരിക്കുന്ന സർക്കാർ നിലപാടിനോട് സമിതി യോജിക്കുന്നില്ലെന്നും ബി.പി.എൽ. വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയ്ക്ക് ഗവൺമെന്റ് ഇളവ് നൽകുന്നുണ്ടെങ്കിലും നിലവിലെ ബി.പി.എൽ. ലിസ്റ്റിൽ ധാരാളം അപാകതകളുള്ളതായി ആക്ഷേപങ്ങളുള്ള തിനാൽ എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ വിദ്യാഭ്യാസ വായ്പയ്ക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പുനഃപരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനിയുമായി ആലോചിച്ച് വൺ-ടൈം പ്രീമിയമായി ഒരു തുക സ്വീകരിച്ചുകൊണ്ട് രക്ഷകർത്താക്കളെക്കൂടി ഉൾപ്പെടുത്തി വിദ്യാഭ്യാസ വായ്പയ്ക്ക് ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കണമെന്നും വായ്പയെടുത്ത വിദ്യാർത്ഥി മരിച്ചാൽ ലോൺ എഴുതിത്തള്ളുന്നതിന് നിലവിൽ വ്യവസ്ഥ ഇല്ലാത്ത സാഹചര്യത്തിൽ ഇൻഷ്വറൻസ് നിർബന്ധമായും ഏർപ്പെടുത്തണമെന്നും ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതുവരെ വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥി മരണപ്പെടുന്ന കേസുകൾക്ക് സർക്കാർ പ്രത്യേക പരിഗണന നൽകണമെന്നും നിലവിൽ വിദ്യാഭ്യാസ വായ്പ എടുത്തവരെക്കൂടി പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ നമ്പർ 20 (ഖണ്ഡിക നമ്പർ 24)

വിദ്യാർത്ഥിയുടെ മരണമോ ജോലി ചെയ്യാൻ പറ്റാത്തവിധമുള്ള അപ്രതീക്ഷിത ദുരന്തങ്ങളോ ഉണ്ടാകുന്ന അവസരങ്ങളിൽ വായ്പയെടുത്തവരുടെ സ്ഥിതികൂടി പരിഗണിച്ച് ആവശ്യമായ ഇളവുകൾ ബാങ്കുകൾ വിദ്യാർത്ഥികൾക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി

വിദ്യാർത്ഥിയുടെ മരണമോ ജോലി ചെയ്യാൻ സാധിക്കാത്തവിധമുള്ള അപ്രതീക്ഷിത ദുരന്തങ്ങളോ ഉണ്ടാകുന്ന അവസരങ്ങളിൽ വായ്പയെടുത്തവരുടെ സ്ഥിതികൂടി പരിഗണിച്ച് ആവശ്യമായ ഇളവുകൾ ബാങ്കുകൾ വിദ്യാർത്ഥികൾക്ക് നൽകിവരുന്നുണ്ട്.

അധിക ശിപാർശ

വിദ്യാർത്ഥിയുടെ മരണമോ ജോലി ചെയ്യാൻ പറ്റാത്തവിധമുള്ള അപ്രതീക്ഷിത ദുരന്തങ്ങളോ ഉണ്ടാകുന്ന അവസരങ്ങളിൽ വിദ്യാഭ്യാസ വായ്പയെടുത്തവരുടെ പ്രയാസങ്ങൾ ഒഴിവാക്കാൻ പര്യാപ്തമായ തരത്തിൽ എന്തെല്ലാം ഇളവുകളാണ് ബാങ്കുകൾ നൽകുന്നതെന്നതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ നമ്പർ 22 (ഖണ്ഡിക നമ്പർ 26)

വായ്പാ കുടിശ്ശിക വരുത്തുന്നവരുടെ വിശദവിവരങ്ങൾ കോർ ബാങ്കിംഗ് സംവിധാനത്തിലൂടെ കരിംപട്ടികയിൽപ്പെടുത്തി എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും അതുവഴി മറ്റൊരു ബാങ്കിൽ നിന്നും യാതൊരുവിധ വായ്പയും മറ്റ് കുടുംബാംഗങ്ങൾക്ക് പോലും ലഭ്യമാകാത്ത സ്ഥിതിവിശേഷവും ഉണ്ടാക്കും എന്ന് ചില ബാങ്ക് അധികൃതർ ഭീഷണിപ്പെടുത്തുന്നതായി സമിതിക്ക് പരാതി ലഭിച്ചിട്ടുണ്ട്. ഇത്തരം ഭീഷണിയും നടപടിയും ബാങ്കധികൃതരുടെ ഭാഗത്ത് നിന്നുണ്ടാകരുതെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഒരു വായ്പയ്ക്ക് വച്ച ഈട് മറ്റൊരു വായ്പയുണ്ടെങ്കിൽ തിരിച്ചു നൽകില്ല എന്ന ബാങ്കുകളുടെ വ്യവസ്ഥ വിദ്യാഭ്യാസ വായ്പയ്ക്ക് ബാധകമാക്കരുത് എന്ന് സമിതി ശിപാർശ ചെയ്യുന്നു.

ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച മറുപടി

വായ്പ കുടിശ്ശിക വരുത്തുന്നവരുടെ വിവരങ്ങൾ CIBIL-ൽ പ്രസിദ്ധപ്പെടുത്തണം എന്നുള്ളത് ഗവൺമെന്റിന്റെ നിയമപ്രകാരം രാജ്യത്തെ മുഴുവൻ ബാങ്കുകളും ചെയ്തുവരുന്നതാണ്. വായ്പ കുടിശ്ശിക ഉള്ളവരുടെ വിവരങ്ങളാണ് പ്രസിദ്ധപ്പെടുത്തുന്നത്. കുടുംബാംഗങ്ങളുടെ വിവരങ്ങൾ അല്ല. അതിനാൽ മറ്റ് ബാങ്കുകളിൽ നിന്നും കുടിശ്ശികയുള്ള വ്യക്തിക്ക് മാത്രമേ ലോൺ ലഭിക്കാതിരിക്കുകയുള്ളൂ. അതുപോലെതന്നെ വായ്പയ്ക്ക് വച്ച ഈട് മറ്റൊരു വായ്പയുണ്ടെങ്കിൽ തിരിച്ചു നൽകില്ല എന്ന വ്യവസ്ഥ കുടിശ്ശിക ഉള്ള ലോണുകൾക്ക് മാത്രമാണ് ഉള്ളത്. വായ്പ കുടിശ്ശികയാണെങ്കിൽ മറ്റൊരു വായ്പയിൽ ഈട് നൽകിയിട്ടുള്ളത് കുടിശ്ശിക ലോണിനും ബാധകമാണ് എന്നുള്ളത് ബാങ്കിംഗ് നിയമപ്രകാരം ബാങ്കുകൾക്ക് ലഭിച്ച ഒരു അധികാരമാണ്. അത് വിദ്യാഭ്യാസ വായ്പയ്ക്ക് മാത്രമായി മാറ്റാൻ ബാങ്കുകൾക്ക് അധികാരമില്ല.

അധിക ശിപാർശ

നാല് ലക്ഷം രൂപവരെയുള്ള വിദ്യാഭ്യാസ വായ്പയ്ക്ക് ഈട് ആവശ്യമില്ലാത്ത സാഹചര്യത്തിൽ കുടുംബാംഗങ്ങൾ മറ്റാവശ്യങ്ങൾക്കെടുത്ത വായ്പകൾക്ക് നൽകുന്ന ഈട് വിദ്യാഭ്യാസ വായ്പയുമായി കൂട്ടിക്കുഴയ്ക്കാതെ രണ്ടും രണ്ടായി കണക്കാക്കണമെന്നും ഇക്കാര്യത്തിൽ ബാങ്കുകളുടെ തീരുമാനം പുനഃപരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

അദ്ധ്യായം II-ൽ ഉൾക്കൊള്ളിച്ചിട്ടുള്ള സമിതിയുടെ അധിക ശിപാർശകൾക്കുള്ള മറുപടികൾ സർക്കാർ ലഭ്യമാക്കിയിട്ടില്ല.

ജോസഫ് വാഴയ്ക്കൻ,
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 17.

## അനുബന്ധം I

സഹകരണസംഘം രജിസ്ട്രാർ
ആഫീസ്,കേരള, തിരുവനന്തപുരം,
നം: സി.ജി(1)54216/2006 തീയതി : 12-12-2006

### സർക്കുലർ നം: 60/2006

വിഷയ- സഹകരണ വകുപ്പ് - സഹകരണസംഘങ്ങൾ/ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ ലഭ്യമാക്കുന്നതിന് - മാതൃകാ ഉപനിബന്ധനകൾ - നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. ഈ ആഫീസിലെ 2-9-06-ലെ 43/06-ാം നംപർ സർക്കുലർ.
2. ഈ ആഫീസിലെ 20-9-06-ലെ 42/06-ാം നംപർ സർക്കുലർ.

*******

സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വിദ്യാഭ്യാസ ആവശ്യത്തിന് അർഹതയുള്ള എല്ലാ അപേക്ഷകർക്കും വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിയ്ക്കണമെന്നും, അർഹതപ്പെട്ട അപേക്ഷകർക്ക് എത്രയും വേഗത്തിൽ വായ്പ ലഭ്യമാക്കണമെന്നും, ഇക്കാര്യത്തിൽ സഹകരണ ബാങ്കുകൾ ആവശ്യമായ പരസ്യവും അംഗങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തണമെന്നും നിയമാനുസൃതമായ അപേക്ഷകളിൻമേൽ വായ്പകൾ നൽകാത്ത ബാങ്കുകൾക്കെതിരെ യുക്തമായ നടപടികൾ സ്വീകരിയ്ക്കണമെന്നും സൂചന(1) പ്രകാരവും വിദ്യാഭ്യാസ വായ്പയ്ക്ക് പരമാവധി ഈടാക്കാവുന്ന പലിശനിരക്ക് നിശ്ചയിച്ച് സൂചന(2) പ്രകാരവും രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

എന്നാൽ സംസ്ഥാനത്തൊട്ടാകെ സഹകരണ ബാങ്കുകൾ, വിദ്യാഭ്യാസ വായ്പയ്ക്ക് വ്യത്യസ്തമായ നിബന്ധനകൾ സ്വീകരിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിരിയ്ക്കുന്നു. മേല സാഹചര്യത്തിൽ സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ, നബാർഡ്, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തൊട്ടാകെ സഹകരണസംഘങ്ങൾ/ബാങ്കുകൾക്ക് പൊതുവായി സ്വീകരിയ്ക്കാവുന്ന മാതൃകാ ഉപനിബന്ധനകൾ, അംഗീകരിച്ച് സൂചന(1) സർക്കുലറിന് തുടർച്ചയായി, നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

### വിദ്യാഭ്യാസ വായ്പാ ഉപനിബന്ധനകൾ

1. ഈ ഉപനിബന്ധനകൾ കേരളത്തിലെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ നൽകുന്നതിനുള്ള നിബന്ധനകൾ ആകുന്നു.

2. ബാങ്ക്/സംഘം എന്നാൽ കേരള സംസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള വായ്പാ സഹകരണ സംഘം/ബാങ്ക് എന്നാകുന്നു.

3. അപേക്ഷ: അതാത് സ്ഥാപനങ്ങൾ നിഷ്കർഷിയ്ക്കുന്ന അപേക്ഷ ഫാറം എന്നാകുന്നു.

4. അർഹത : സർക്കാർ/സർക്കാർ അംഗീകൃത കൗൺസിലുകൾ/ എ.ഐ.സി.റ്റി.ഇ./ അംഗീകൃത യൂണിവേഴ്സിറ്റികൾ തുടങ്ങിയവർ അംഗീകരിച്ച കോഴ്സുകൾക്ക് സർക്കാർ/സർക്കാർ അംഗീകൃത കോളേജുകളിൽ/സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ ക്കായിരിയ്ക്കും. സഹകരണസംഘം രജിസ്ട്രാറുടെ കീഴിലുള്ള എല്ലാ സഹകരണ സംഘത്തിലെയും, അംഗങ്ങൾക്കും, അവരുടെ മക്കൾക്കും, ആശ്രിതർക്കും, സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ മക്കൾക്കും, ആശ്രിതർക്കും, അർഹത യുണ്ടായിരിയ്ക്കും.

5. കോഴ്സുകൾ: ബിരുദാനന്തര ബിരുദങ്ങൾ, പോസ്റ്റ് ഗ്രാഡ്വേറ്റ് പ്രൊഫഷണൽ ഡിപ്ലോമകൾ, ഗവേഷണങ്ങൾ, മെഡിക്കൽ, എഞ്ചിനിയറിംഗ്, അഗ്രിക്കൾച്ചറൽ, വെറ്റിനറി, നിയമം, ദന്തൽ, ബിസിനസ്സ് മാനേജ്മെൻറ്, കംപ്യൂട്ടർ, ഇൻഫർമേഷൻ ടെക്നോളജി, മീഡിയ, നേഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ, ബി.ഫാം, സഹകരണ പ്രൊഫഷണൽ വിദ്യാഭ്യാസം, ടൂറിസം, ഹോട്ടൽ മാനേജ്മെൻറ് തുടങ്ങി കേരളത്തിലെ യൂണിവേഴ്സിറ്റികൾ/ ഗവൺമെൻറ് അംഗീകരിയ്ക്കുന്ന എല്ലാ കോഴ്സുകളും.

6. കടക്കാരൻ: വിദ്യാർത്ഥിയും രക്ഷകർത്താവും കൂട്ടായി

7. വായ്പ തുക: സഹകരണ സംഘം രജിസ്ട്രാർ/റിസർവ് ബാങ്ക് ഓഫ് ഇന്ത്യ/നബാർഡ് എന്നിവർ നിശ്ചയിച്ചിട്ടുള്ള പരിധിയ്ക്ക് വിധേയമായി ഇന്ത്യയ്ക്കകത്ത് 10 ലക്ഷം രൂപയും വിദേശ പഠനത്തിന് 20 ലക്ഷം രൂപയും

8. പലിശനിരക്ക്: സഹകരണ സംഘം രജിസ്ട്രാർ/റിസർവ് ബാങ്ക് ഓഫ് ഇന്ത്യ/നബാർഡ് എന്നിവയുടെ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്ക്(ഇപ്പോൾ 13 % വരെ ഈടാക്കിയിരുന്നത് പരമാവധി 9 % ആക്കി (20-9-2006 മുതൽ) കുറഞ്ഞിട്ടുണ്ട്.

9. മാർജിൻ മണി: പരമാവധി വായ്പ തുകയുടെ 10%. അപേക്ഷകന്റെ സാംപത്തിക സ്ഥിതി പരിഗണിച്ച് ഭരണസമിതിയ്ക്ക് ഇതിൽ കുറവ് ചെയ്യുന്നതിനുള്ള അധികാരം ഉണ്ടായിരിയ്ക്കും.

10. വായ്പത്തുകയിൽ ഉൾപ്പെടുന്നവ: ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, പുസ്തക വില, മറ്റ് പഠനച്ചിലവുകൾ.

11. ജാമ്യവ്യവസ്ഥ: കുടുംബ വാർഷിക വരുമാനം 4 ലക്ഷം രൂപ വരെയുള്ളവർക്ക് ബാങ്കുകൾ/സംഘങ്ങൾ ഈടില്ലാതെ പരമാവധി 4.50 ലക്ഷം രൂപ വരെയും അതിന് മുകളിൽ വായ്പ നൽകുന്നവർക്കും, വാർഷക വരുമാനം 4 ലക്ഷം രൂപയിലധികരിയ്ക്കുന്നവർക്കും വായ്പത്തുകയുടെ, തുല്യമാർക്കറ്റ് വിലയുള്ള സ്വത്ത് ജാമ്യത്തിൻമേലോ, ഉദ്യോഗസ്ഥ ജാമ്യത്തിൻമേലോ നൽകുന്നതാണ്.

12. തിരിച്ചടവ്: കോഴ്സ് തീർന്ന് 6 മാസത്തിനു ശേഷമോ, ജോലി ലഭിച്ച് 3 മാസത്തിന് ശേഷമോ ഏതാണ് ആദ്യം വരുന്നത് അന്ന് മുതൽ വായ്പ തുക തിരിച്ചടയ്ക്കേണ്ടതാണ്. കാലാവധി, തിരിച്ചടവ് ആരംഭിയ്ക്കുന്ന തീയതി മുതൽ 10 വർഷം. പലിശ എപ്പോൾ വേണമെങ്കിലും അടയ്ക്കാവുന്നതും കോഴ്സിന്റെ കാലാവധിയിൽ ആർജ്ജിയ്ക്കുന്ന പലിശ ഒന്നായി കണക്കാക്കി ടി. തുകയ്ക്ക് പലിശ ചുമത്താതെ വായ്പാ മുതലിന് അനുവദിയ്ക്കുന്ന കാലാവധി, തിരിച്ചടവിന് അനുവദിയ്ക്കാവുന്നതാണ്. പിഴപ്പലിശ,കൂട്ടുപലിശ/ പലിശയ്ക്ക് പലിശ എന്നിവ വിദ്യാഭ്യാസ വായ്പകൾക്ക് ഒഴിവാക്കേണ്ടതാണ്.

13. <u>പൊതു നിബന്ധനകൾ:</u>

(എ) വായ്പക്കാരൻ താമസിയ്ക്കുന്ന പ്രദേശം പ്രവർത്തന പരിധിയായി വരുന്ന സംസ്ഥാന/ജില്ലാ/പ്രാഥമിക സഹകരണ സംഘത്തിൽ/ബാങ്കിൽ അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്.

(ബി) വിദ്യാഭ്യാസ ആവശ്യത്തിന് വായ്പയെടുക്കാൻ അപേക്ഷ സമർപ്പിയ്ക്കുന്നതിനു വേണ്ടി, അംഗത്വത്തിന് അപേക്ഷിയ്ക്കുന്ന എല്ലാ അർഹതപ്പെട്ടവർക്കും അംഗത്വം സംഘങ്ങൾ/ബാങ്കുകൾ നൽകേണ്ട താണ്.

(സി) വായ്പകൾക്ക് പ്രത്യേക പ്രോസസിംഗ് ചാർജ്ജ് ഈടാക്കാവുന്നതല്ല.

(ഡി) വായ്പാ അപേക്ഷ ലഭിച്ച് പരമാവധി ഒരു മാസത്തിനകം തീരുമാനമെടുത്ത് വായ്പാക്കാരനെ വിവരമറിയിച്ചിരിയ്ക്കണം.

(ഇ) വായ്പത്തുക വിദ്യാഭ്യാസ സ്ഥാപനം നൽകുന്ന സർട്ടിഫിക്കറ്റ്/ പ്രോസ്പെക്ടസ് എന്നിവ പ്രകാരം ആവശ്യാനുസരണം സ്ഥാപനത്തിന് നേരിട്ട് നൽകേണ്ടതാണ്.

(എഫ്) ബാങ്ക്/സംഘം വായ്പക്കാരൻ പഠിയ്ക്കുന്ന സ്ഥാപനവുമായി നിരന്തരം ബന്ധപ്പെട്ട് കോഴ്സും പുരോഗതിയും വിലയിരുത്തേ ണ്ടതാണ്. ഒരു വർഷത്തിൽ ഒരിക്കലെങ്കിലും, ചുരുങ്ങിയത്, അവരെ വിളിച്ചുകൂട്ടി വിദ്യാഭ്യാസ പുരോഗതിയെപ്പറ്റി വിലയിരുത്തേണ്ടതാണ്.

സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങൾ/ബാങ്കുകളും ഈ മാതൃകാ ഉപനിബന്ധനകൾ അനുസരിച്ച് വിദ്യാഭ്യാസ വായ്പകൾ വിതരണം ചെയ്യുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിയ്ക്കേണ്ടതും, ജോയിൻറ് രജിസ്ട്രാർ (ജനറൽ)മാർ ആയത് ഉറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്/-
വി.രഘുനാഥ്,
സഹകരണസംഘം രജിസ്ട്രാർ(ഇൻ ചാർജ്ജ്)

പകർപ്പ്:-

1. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും (ജോയിൻറ് രജിസ്ട്രാർമാർ(ജനറൽ) മുഖേന)
2. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
3. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
4. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം
5. എല്ലാ ജോയിൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
6. എല്ലാ അസിസ്റ്റൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും(ജോയിൻറ് രജിസ്ട്രാർമാർ മുഖേന)
7. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
8. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
9. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
10. സ്റ്റോക്ക് ഫയൽ

// ആജ്ഞാനുസരണം //

സഹകരണസംഘം രജിസ്ട്രാർക്ക് വേണ്ടി

## അനുബന്ധം II

സി.ജി(1)34074/10

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 27.7.2010

### സർക്കുലർ നമ്പർ 40/2010

വിഷയം :- സഹകരണ വകുപ്പ് – സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേനയുള്ള വിദ്യാഭ്യാസ വായ്പാ വിതരണം – മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന : - 1) ഈ ആഫീസിലെ 12-12-2006-ലെ 60/2006-ാം നമ്പർ സർക്കുലർ
2) ബഹുമാനപ്പെട്ട സഹകരണം, കയർ വകുപ്പ് മന്ത്രി ധനാഭ്യർത്ഥന ചർച്ചയിൽ 08-07-10ന് നിയമസഭയിൽ നടത്തിയ പ്രഖ്യാപനം.

---

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ വിതരണം ചെയ്യുന്നതിനുള്ള മാതൃകാ ഉപനിബന്ധനകൾ അംഗീകരിച്ചും, മാർഗ്ഗ നിർദ്ദേശം നൽകിയും സൂചന (1) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വായ്പ സംബന്ധിച്ചുള്ള റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ, ഇൻഡ്യൻ ബാങ്ക്സ് അസോസിയേഷൻ എന്നിവരുടെ മാർഗ്ഗ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് സംസ്ഥാനത്തൊട്ടാകെ സഹകരണസംഘങ്ങൾ/ബാങ്കുകൾക്ക് പൊതുവായി സ്വീകരിക്കാവുന്ന മാനദണ്ഡങ്ങൾ അംഗീകരിച്ചു കൊണ്ടാണ് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നത്. എന്നാൽ സംസ്ഥാനത്തൊട്ടാകെയുള്ള വിദ്യാഭ്യാസ വായ്പാ വിതരണത്തിലുള്ള പുരോഗതി അവലോകനം ചെയ്തതിൽ ആയത് ആശാവഹമല്ലെന്നും, വായ്പാ വിതരണം സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പയ്ക്ക് പ്രത്യേക ഈട്/ജാമ്യം ആവശ്യപ്പെടുന്നതായും ആയത് വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തെയും, പ്രൊഫഷണൽ വിദ്യാഭ്യാസത്തെയും ദോഷകരമായി ബാധിക്കുന്നതായി പരാതികൾ ലഭിക്കുകയും ഈ ആഫീസിന്റെ ശ്രദ്ധയിൽപ്പെടുകയും ചെയ്തിരിക്കുന്നു. വിദ്യാഭ്യാസ വായ്പാ സഹകരണ ബാങ്കുകൾ മുഖേന ലളിതമായ വ്യവസ്ഥയിൽ വിതരണം ചെയ്യുന്നതാണെന്ന് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി 2010 ജൂലൈ 8ന് ധനാഭ്യർത്ഥന ചർച്ചയുടെ ഭാഗമായി നിയമസഭയിൽ പ്രഖ്യാപിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ സൂചന (1) സർക്കുലറിലെ മാർഗ്ഗ നിർദ്ദേശത്തിനനുസൃതമായി സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുഖേന അർഹതയുള്ള മുഴുവൻ അപേക്ഷകർക്കും ഉന്നത വിദ്യാഭ്യാസത്തിനും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും വായ്പ അനുവദിക്കണമെന്നും, 4 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കും, 4.50 ലക്ഷം രൂപ വരെ വായ്പ ആവശ്യമുള്ളവർക്കും പ്രത്യേക ഈടുകളൊന്നുമില്ലാതെ വായ്പ അനുവദിക്കണമെന്നും, അർഹതപ്പെട്ട അപേക്ഷകർക്ക് കാലതാമസം കൂടാതെ വിദ്യാഭ്യാസ വായ്പ ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു. ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ അവരുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന ജില്ലാ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള സഹകരണസംഘങ്ങൾ/ബാങ്കുകൾ അർഹതയുള്ള മുഴുവൻ അപേക്ഷകർക്കും വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, വായ്പാ വിതരണം നിരന്തരമായി മോണിറ്റർ ചെയ്യേണ്ടതുമാണ്. അർഹതയുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യസ വായ്പ നൽകാത്ത ബാങ്കുകൾക്കെതിരെ, യുക്തമായ നടപടി സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. സഹകരണ സംഘങ്ങൾ/ബാങ്കുകൾ വിദ്യാഭ്യാസ വായ്പക്കായി ലഭിക്കുന്ന അപേക്ഷകൾ സംബന്ധിച്ചുള്ള വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ അവരുടെ ഭരണ നിയന്ത്രണത്തിലുള്ള സംഘങ്ങൾ/ബാങ്കുകളിൽ ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം, അനുവദിച്ച വായ്പകളുടെ എണ്ണം, തുക ഇവ സംബന്ധിച്ചുള്ള ജില്ലയിലെ പ്രതിമാസ പുരോഗതി റിപ്പോർട്ട് ഓരോ മാസവും 10-ാം തീയതിക്കകം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്. സംസ്ഥാന സഹകരണ ബാങ്കിന്റെ വിദ്യാഭ്യാസ വായ്പാ പുരോഗതി റിപ്പോർട്ട് ഓരോ മാസവും 10-ാം തീയതിക്കകം നേരിട്ട് ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

ഒപ്പ്

റാണിജോർജ്ജ്. ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് :

1. എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)

2. എല്ലാ കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
3. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
4. എല്ലാ അർബൻ സഹകരണ ബാങ്കുകൾക്കും, (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
5. ജനറൽ മാനേജർ എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
6. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
7. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
8. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
9. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
10. എല്ലാ ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർമാർക്കും (ജില്ലാ സഹകരണ ബാങ്ക്/സംസ്ഥാന സഹകരണ ബാങ്ക്/ സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്)
11. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
12. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
13. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
14. ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്,
15. ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്.
16. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
17. സ്റ്റോക്ക് ഫയൽ

// ആജ്ഞാനുസരണം //

ഡെപ്യൂട്ടി രജിസ്ട്രാർ(ക്രെഡിറ്റ്)

## അനുബന്ധം III

### കേരള സർക്കാർ

സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾ മരവിപ്പിയ്ക്കൽ (മോറട്ടോറിയം) - 10.10.15 മുതൽ ആറു മാസത്തേക്ക് കൂടി നീട്ടി ഉത്തരവാകുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

### ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പ്

സ.ഉ. (കൈയ്യെഴുത്ത്) നം.02/2016/പ്ലാനിംഗ് തിരുവനന്തപുരം, തീയതി: 12/01/2016

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം - 1. 10/04/2012 -ലെ സ.ഉ.(സാധാ) നമ്പർ. 132/12/പ്ലാനിംഗ്.
2. 18.10.2012 ലെ സ.ഉ.(കൈ) നമ്പർ. 36/2012/പ്ലാനിംഗ്.
3. 15.12.2012 ലെ സ.ഉ.(കൈ) നമ്പർ. 42/2012/പ്ലാനിംഗ്
4. 18/04/2013-ലെ സ.ഉ. (കൈയ്യെഴുത്ത്) നം. 26/2013/പ്ലാനിംഗ്.
5. 17/10/2013-ലെ സ.ഉ. (കൈയ്യെഴുത്ത്) നം. 52/2013/പ്ലാനിംഗ്.
6. 16/04/2014-ലെ സ.ഉ. (കൈയ്യെഴുത്ത്) നം. 14/2014/പ്ലാനിംഗ്.
7. 07.10.2014 ലെ സ.ഉ.(കൈ) നമ്പർ. 45/2014/പ്ലാനിംഗ്
8. 12.06.2015 ലെ സ.ഉ.(കൈ) നമ്പർ 26/2015/പ്ലാനിംഗ്.

### ഉത്തരവ്

പരാമർശം രണ്ടും മൂന്നും ഉത്തരവുകൾ പ്രകാരം 2004-09 കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി കിട്ടാത്തതുമൂലം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്ക് പലിശ സബ്സിഡി അനുവദിക്കുന്നതിനുവേണ്ടി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. പരാമർശം എട്ടിലെ സർക്കാർ ഉത്തരവ് പ്രകാരം, വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്ക് ഏർപ്പെടുത്തിയിരുന്ന മോറട്ടോറിയം 10.04.2015 മുതൽ ആറ് മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിരുന്നു. അപ്രകാരം ദീർഘിപ്പിച്ച മോറട്ടോറിയം 09.10.2015-ൽ അവസാനിച്ചിരിക്കുകയാണ്. എന്നാൽ ബി.പി.എൽ. വിഭാഗക്കാരുടെ വിദ്യാഭ്യാസ വായ്പകൾക്കുള്ള പലിശ സബ്സിഡി പൂർണ്ണമായി നൽകിക്കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ

റിക്കവറി നടപടികൾക്ക് ഏർപ്പെടുത്തിയിരുന്ന മോറട്ടോറിയം 10/10/2015 മുതൽ 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു. മോറട്ടോറിയത്തിന്റെ ആനുകൂ[illegible] ലഭിക്കണമെങ്കിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നു എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖ അധികൃതർക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**സി. വൽസല**
**അഡീഷണൽ സെക്രട്ടറി**

**എല്ലാ ജില്ലാ കളക്ടർമാർക്കും**
ജനറൽ മാനേജർ, സംസ്ഥാനതല ബാങ്കിംഗ് സമിതി ( എല്ലാ ബാങ്കുകൾക്കും അയച്ചുകൊടുക്കുന്നതിനായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
[illegible]
സെക്രട്ടറി, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി, കേരള നിയമസഭ. (കവറിംഗ് ലെറ്റർ സഹിതം)
രജിസ്ട്രാർ, ഹൈക്കോടതി. (കവറിംഗ് ലെറ്റർ സഹിതം)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വ്യാപകമായ പബ്ലിസിറ്റി നൽകാനായി)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

<u>പകർപ്പ്:-</u>

1. ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
2. ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. പൊതുവിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
4. ആസൂത്രണസാമ്പത്തികകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
5. സഹകരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
6. വിവര പൊതുജന സമ്പർക്ക (എ) വകുപ്പിന്

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.